(ഫോർ ഹാൻഡികാപ്ഡ്) 3 - 1

(ബി) 810 സീറ്റുകൾ ഡീലിങ്കു ചെയ്തപ്പോൾ 1200 സീറ്റുകൾ സ്കൂളുകളിൽ ഡീലിങ്കിനുശേഷം അനുവദിച്ചിച്ചുണ്ട്.

(സി) ഇങ്ങനെ ഒരു പരാതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പിരിവ് 'ബി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

166 (3181) സ്കൂളിന്റെ വാടക കുടിശ്ശിക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര സർക്കാർ സ്കൂളുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയ്ക്ക് വർഷംതോറും എത്ര രൂപ വാടകയിനത്തിൽ സർക്കാർ ചെലവഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വാടകയിനത്തിൽ കെട്ടിട ഉടമസ്ഥർക്ക് എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്;

(ഡി) വാടക കൊടുക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) എ.ആർ. നഗർ ജി.യു.പി. സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയിനത്തിൽ എത്ര രൂപ കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടു; വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) പ്രസ്തുത വാടക കുടിശ്ശിക എത്രയുംവേഗം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 173 സ്കൂളുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഓരോ വർഷവും 22,07,089 രൂപ വാടകയിനത്തിൽ ചെലവഴിക്കുന്നുണ്ട്.

(സി) 30.6.1999 വരെ 52,03,236 രൂപ കുടിശ്ശികയുണ്ട്.

(ഡി) 1999-2000 വർഷത്തെ ബഡ്ജറ്റിൽ 73 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) 30.6.99 വരെ 86,118 രൂപ കുടിശ്ശിക ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) പ്രസ്തുത പരാതി അനന്തര നടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) വാടക കുടിശ്ശിക കൊടുത്തുതീർക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

167 (3183) കൊക്കാത്തോട് ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മലയോര പ്രദേശമായ കൊക്കാത്തോട് ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകരില്ലാതെ പഠനം നടത്താൻ സാധിക്കാതിരിക്കുന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഏതെല്ലാം വിഷയങ്ങളിൽ എത്ര ഒഴിവുകളുണ്ടെന്നും ഏതേത് തീയതികളിലാണ് ഒഴിവ് പ്രബല്യത്തിൽ വന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇവിടെ പുതിയ നിയമനം നടത്താതിരിക്കാനുള്ള കാരണമെന്ത്;

(ഡി) കൊക്കാത്തോട് സ്കൂളിൽ നിയമിക്കപ്പെടുന്നവർക്ക് അവിടെത്തന്നെ ജോലിയിൽ തുടരുന്നതിന് എന്തെങ്കിലും പ്രോത്സാഹനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം താഴെ കൊടുക്കുന്നു.

	തസ്തിക	ഒഴിവുകളുടെ എണ്ണം	ഒഴിവ് പ്രാബല്യത്തിൽ വന്ന തീയതി
1.	പി.ഡി. ടീച്ചർ	4	1.6.1999-ൽ
2.	ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സ്റ്റഡീസ്)	1	"
3.	ഹൈസ്കൂൾ ടീച്ചർ (മലയാളം)	1	15.7.1999-ൽ

(സി) പി.ഡി. ടീച്ചറുടെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും ഉടൻ നിയമനം നടത്തുന്നതാണ്. എച്ച്.എസ്.എ.മാരുടെ പി.എസ്.സി. ലിസ്റ്റ് ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി താത്കാലികമായി നിയമനം നടത്തുന്നതാണ്.

(ഡി)&(ഇ) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly